REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- 2026 ലെ ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ റഷ്യയിലേക്ക് ക്ഷണിച്ച് പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ.
- ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 70-ാം മഹാനിർവാൺ ദിവസ് ഇന്നാചരിക്കുന്നു.
- കേരളത്തിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരാഴ്ച കൂടി സമയം അനുവദിച്ചു.
- ആദ്യ ഘട്ട തദ്ദേശ തെരഞ്ഞെടുപ്പിൽ ഏഴ് ജില്ലകളിലെ പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിക്കും.
- ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ചയ്ക്ക് വിശാഖപട്ടണത്ത്.

## വാർത്തകൾ വിശദമായി

**2026 ലെ ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ ക്ഷണിച്ചു. റഷ്യയിലെ യെക്കാട്ടെറിൻബർഗിലും, കസാനിലും ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസ് തുറക്കാൻ ഡൽഹിയിൽ സമാപിച്ച 23-ാം ഉച്ചകോടിയിൽ എടുത്ത തീരുമാനത്തെ ഇരു നേതാക്കളും സ്വാഗതം ചെയ്തു.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**....(വോയ്സ്)......**

പരസ്പര സഹകരണവും, വ്യാപാരവും, സാമ്പത്തിക ബന്ധങ്ങളും കൂടുതൽ ശക്തിപ്പെടുത്താൻ എത്രയും വേഗം കോൺസുലേറ്റുകൾ പ്രവർത്തനമാരംഭിക്കണമെന്നും ഉച്ചകോടിയിൽ ധാരണയായി. ഇന്ത്യാ സന്ദർശനം പൂർത്തിയാക്കി പുടിൻ ഇന്നലെ രാത്രി റഷ്യയിലേക്ക് മടങ്ങി.

വ്ലാഡിമിർ പുടിന്റെ ബഹുമാനാർത്ഥം രാഷ്ട്രപതി ദ്രൗപതി മുർമു ഇന്നലെ വൈകിട്ട് അത്താഴവിരുന്ന് ഒരുക്കിയിരുന്നു. ഇന്ത്യയ്ക്കും റഷ്യയ്ക്കുമിടയിലെ തന്ത്രപര പങ്കാളിത്തത്തിന് 25 വർഷം പൂർത്തിയാകുന്ന വേളയിലെ സന്ദർശനം പ്രധാന നാഴികക്കല്ലാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

✪✪✪

2023, 2024 വർഷങ്ങളിലെ ദേശീയ കരകൗശല അവാർഡുകൾ ചൊവ്വാഴ്ച രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ദേശീയ കരകൗശല വാരാഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് ഗുജറാത്തിലെത്തും. സർദാർ വല്ലഭായ് പട്ടേലിന്റെ 150 -ാം ജന്മ വാർഷികാഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 70-ാം മഹാനിർവാൺ ദിവസ് ഇന്നാചരിക്കുന്നു. രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും പാർലമെന്റ് സമുച്ചയത്തിലെ പ്രേരണാസ്ഥലിൽ അംബേദ്കർ പ്രതിമയിൽ രാവിലെ പുഷ്പങ്ങൾ അർപ്പിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വോയ്സ്- ഡോ. BR അംബേദ്കർ

ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭാ ഡെപ്യൂട്ടി സ്പീക്കർ ഹരിവൻശ് നാരായൺ സിംഗ്, പ്രതിപക്ഷ നേതാവ്, പാർലമെന്റ് അംഗങ്ങൾ എന്നിവരും മറ്റു പ്രമുഖരും പരിപാടിയിൽ പങ്കെടുക്കും. പൊതുജനങ്ങൾക്കും പരിപാടിയിൽ സംബന്ധിക്കുന്നതിന് അവസരമുണ്ട്. സാമൂഹ്യനീതി - ശാക്തീകരണ മന്ത്രാലയത്തിനു വേണ്ടി ഡോ. അംബേദ്കർ ഫൗണ്ടേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്. സാമൂഹ്യനീതി, തുല്യത, ജനാധിപത്യം എന്നിവയുമായി ബന്ധപ്പെട്ട അംബേദ്കറുടെ ചിന്തകളാണ് ഗവൺമെന്റിന്റെ 'സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ് , സബ്കാ പ്രയാസ് ' എന്ന നരേന്ദ്രമോദി ഗവൺമെന്റിന്റെ മുദ്രാവാക്യത്തിനു പിന്നിൽ.

✪✪✪

കേരളത്തിലെ തീവ്രവോട്ടർപട്ടിക പരിഷ്ക്കരണത്തിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരാഴ്ച കൂടി സമയം അനുവദിച്ചു. ഈ മാസം 11 ന് അവസാനിക്കേണ്ടിയിരുന്ന പട്ടിക പരിഷ്ക്കരണം 18 വരെയാണ് നീട്ടിയത്. കരട് വോട്ടർപട്ടിക ഡിസംബർ 23 നും, അന്തിമ പട്ടിക ഫെബ്രുവരി 21 നും പ്രസിദ്ധീകരിക്കും. സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥനയും, ഇതു സംബന്ധിച്ച സുപ്രീംകോടതി നിർദ്ദേശവും മുൻനിർത്തിയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി. ഇന്നലെ സംസ്ഥാന ചീഫ് സെക്രട്ടറി, ചീഫ് ഇലക്ടറൽ ഓഫീസർ എന്നിവരുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ ചർച്ചയിലാണ് തീയതി നീട്ടാൻ തീരുമാനമെടുത്തത്. ഇതു സംബന്ധിച്ച ഉത്തരവും കമ്മീഷൻ പുറപ്പെടുവിച്ചു.

✪✪✪

ഇൻഡിഗോ വിമാനങ്ങൾ റദ്ദാക്കിയതിനെ തുടർന്നുണ്ടായ പ്രശ്നങ്ങൾ പരിഹരിച്ചു വരികയാണെന്നും, യാത്രക്കാർക്ക് വിമാനത്താവളങ്ങളിൽ കാത്തിരിപ്പ് വേണ്ടി വരില്ലെന്നും വ്യോമയാന മന്ത്രി റാം മോഹൻ നായിഡു പറഞ്ഞു. കുട്ടികൾ, അമ്മമാർ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് മുൻഗണന നൽകാൻ വ്യോമയാന മന്ത്രാലയം എല്ലാ വിമാനത്താവളങ്ങളിലെയും ഓപ്പറേറ്റർമാർക്ക് നിർദ്ദേശം നൽകിയതായും റാം മോഹൻ നായിഡു പറഞ്ഞു.

✪✪✪

രാജ്യത്ത് വിമാനസർവീസുകൾ റദ്ദാക്കിയതിനെ തുടർന്ന് യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ റെയിൽവേ താമസസൗകര്യങ്ങൾ അടക്കം വിപുലമായ നടപടികൾ സ്വീകരിച്ചതായി

അധികൃതർ അറിയിച്ചു. ആകെ 37 ട്രെയിനുകളിൽ 116 അധിക കോച്ചുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 18 ട്രെയിനുകളിൽ അധിക കോച്ച് ഉൾപ്പെടുത്തി ദക്ഷിണ റെയിൽവേയാണ് കൂടുതൽ സൗകര്യം ഏർപ്പെടുത്തിയത്. ഇന്നാണ് ഇത് പ്രാബല്യത്തിലാകുക. രാജ്യത്തിന്റെ എല്ലാ മേഖലയിലും ആവശ്യമായ സൗകര്യങ്ങളു ണ്ടാക്കിയിട്ടുണ്ടെന്നും അധികൃതർ വിശദീകരിച്ചു.

✪✪✪

സിനിമകളുടെ പരിശോധനയ്ക്കായി രൂപീകരിക്കുന്ന എല്ലാ കമ്മറ്റികളിലും കേന്ദ്ര സെൻസർ ബോർഡ് അമ്പതു ശതമാനം സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുമെന്ന് കേന്ദ്ര സഹ മന്ത്രി ഡോ. L മുരുഗൻ രാജ്യസഭയിൽ പറഞ്ഞു. ബോർഡുകളിലും ഉപദേശ സമിതികളിലും മൂന്നിലൊന്ന് വനിതാ അംഗങ്ങൾ നിർബന്ധമാണെന്ന 2024 ലെ സിനിമാറ്റോഗ്രാഫ് നിയമം അനുസരിച്ച് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ടെന്നും ഡോ. മുരുഗൻ അറിയിച്ചു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്ന ഏഴ് ജില്ലകളിൽ നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും. ചൊവ്വാഴ്ചയാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. പരസ്യ പ്രചാരണം അവസാനിക്കുന്ന സമയത്ത് രാഷ്ട്രീയ പാർട്ടികളുടെ കൊട്ടിക്കലാശമടക്കം പരിപാടികൾ സമാധാന പരമായിരിക്കണമെന്നും, ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ നിർദ്ദേശിച്ചു.

പൊതുജനങ്ങൾക്ക് മാർഗ്ഗ തടസ്സമുണ്ടാക്കുന്ന തരത്തിൽ സമാപന പരിപാടികൾ പാടില്ല. അനൗൺസ്മെന്റുകൾക്കും, പ്രചാരണ ഗാനങ്ങൾക്കും ശബ്ദനിയന്ത്രണം പാലിക്കണം. സമാപന പരിപാടികളിൽ മാതൃകാ പെരുമാറ്റച്ചട്ടവും, ഹരിത ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ ആവശ്യപ്പെട്ടു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.....................(വോയ്സ്)...............

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ പോളിംഗ് ഡ്യൂട്ടി ഉത്തരവ് ലഭിച്ചവരുടെ പോളിംഗ് സ്റ്റേഷനുകൾ ഇന്നറിയാം. വൈകിട്ട് ആറിനകം E- DROP

സൈറ്റിൽ ഡ്യൂട്ടി പരിശോധിക്കാവുന്നതാണ്. പോസ്റ്റൽ ബാലറ്റിന് അപേക്ഷ തിങ്കളാഴ്ച വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ സംസ്ഥാനതല മീഡിയ റിലേഷൻസ് കമ്മിറ്റിക്ക് ലഭിച്ച ആക്ഷേപങ്ങളും, പരാതികളും തിരുവനന്തപുരത്ത് ചേർന്ന യോഗം വിലയിരുത്തി. വേഗത്തിൽ തീർപ്പാക്കേണ്ട പരാതികൾ ജില്ലാ ഉദ്യോഗസ്ഥർക്ക് തുടർനടപടിക്കായി കൈമാറി. മാതൃകാ പെരുമാറ്റച്ചട്ട ലംഘനത്തിന്റെ പരിധിയിൽ വരുന്ന ശബരിമല പ്രചാരണ പോസ്റ്ററുകളെ സംബന്ധിച്ച പരാതികൾ പരിശോധിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

പത്ര, ദൃശ്യ, ശ്രാവ്യ, സമൂഹ മാധ്യമങ്ങളിലെ കണ്ടന്റുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി വിലയിരുത്തി.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിംഗ് പൂർത്തിയായി. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടറും മുതിർന്ന ഉദ്യോഗസ്ഥരും യന്ത്രങ്ങളുടെ കമ്മീഷനിംഗ് വിലയിരുത്തി. ജില്ലയിൽ 3,264 പോളിംഗ്സ്റ്റേഷനുകളാണ് ഒരുക്കുന്നത്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക് വിശാഖപട്ടണത്ത് ആരംഭിക്കും. ഇരു ടീമുകളും ഓരോ മത്സരം ജയിച്ച്, സമനില പാലിക്കുന്നതിനാൽ ഇന്നത്തെ മത്സരം നിർണായകമാണ്.

✪✪✪

ചെന്നൈയിൽ FIH ജൂനിയർ പുരുഷ ഹോക്കി ലോകകപ്പിൽ, ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തി ഇന്ത്യ സെമി ഫൈനലിൽ പ്രവേശിച്ചു.

ഇന്ത്യ നാളെ സെമിഫൈനലിൽ ഏഴ് തവണ ചാമ്പ്യന്മാരായ ജർമ്മനിയെ നേരിടും.

ചിലിയിൽ, ജൂനിയർ വനിതാ FIH ഹോക്കി ലോകകപ്പിലെ അവസാന പൂൾ മത്സരത്തിൽ, ഇന്ത്യ അയർലൻഡിനെ പരാജയപ്പെടുത്തി. വിജയത്തോടെ, ഇന്ത്യ പൂൾ C യിൽ ഒന്നാം സ്ഥാനത്തേക്ക് ഉയർന്നു.

✪✪✪

27-ാമത് സീനിയർ സ്റ്റേറ്റ് തായ്ക്കോണ്ടോ ചാമ്പ്യൻഷിപ്പ് കോഴിക്കോട്ട് ആരംഭിച്ചു. 600 ഓളം കായിക താരങ്ങൾ പങ്കെടുക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രമുഖ തൈക്കോൺഡോ ക്ലബ്ബുകളെയും, ദേശീയ ചാമ്പ്യൻമാരെയും, സീനിയർ മാസ്റ്റേർസിനെയും ഉദ്ഘാടന ചടങ്ങിൽ ആദരിച്ചു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ ഇന്ന് ഹൈക്കോടതി പരിഗണിക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ കഴിഞ്ഞ ദിവസം തള്ളിയിരുന്നു. ഇതേതുടർന്നാണ് രാഹുൽ ഹൈക്കോടതിയെ സമീപിച്ചത്.

✪✪✪

ശബരിമല സന്നിധാനത്ത് ഇന്നും കനത്ത സുരക്ഷ ഒരുക്കി. ഇന്നലെ രാത്രി നട അടച്ച ശേഷം പുലർച്ചെ നട തുറന്ന ശേഷമാണ് 18--ാം പടി കയറാൻ തീർഥാടകരെ അനുവദിച്ചത്. നിയന്ത്രണം ഇന്നും തുടരും. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ CRPF, RAF, പൊലീസ്, NDRF എന്നിവയടക്കം ഏജൻസികളുടെ സുരക്ഷ ഇന്നും ഉണ്ടായിരിക്കും.

✪✪✪

അടുത്ത വെള്ളിയാഴ്ച തിരുവനന്തപുരത്ത് ആരംഭിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ സമ്പൂർണ ഹരിതചട്ടം പാലിക്കാൻ ഇന്നലെ ചേർന്ന യോഗം തീരുമാനിച്ചു. ഒറ്റ തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പേപ്പർ, തെർമോക്കോൾ കപ്പുകൾ, പാത്രങ്ങൾ എന്നിവ മേളയിൽ പൂർണമായി ഒഴിവാക്കും. പ്ലാസ്റ്റിക് കുടിവെള്ള കുപ്പികൾ ഒഴിവാക്കാൻ മേളയിൽ പങ്കെടുക്കുന്നവരോട് യോഗം ആവശ്യപ്പെട്ടു.

✪✪✪

എറണാകുളം - കൊല്ലം മെമു എക്സ്പ്രസിന് ഇന്ന് മുതൽ ഈ മാസം 15 വരെ തുമ്പോളിയിൽ താൽക്കാലിക സ്റ്റോപ്പ് അനുവദിച്ചു. തുമ്പോളി സെന്റ് തോമസ് പള്ളി പെരുന്നാളിനോടനുബന്ധിച്ചാണ് നടപടി.

✪✪✪

കണ്ണൂർ കതിരൂരിനടുത്ത് പുല്ല്യോട് നിർമ്മാണത്തിൽ ഇരിക്കുന്ന വീടിന്റെ സെപ്റ്റിക് ടാങ്കിൽ വീണ് ഇന്നലെ വൈകിട്ട് മൂന്നു വയസ്സുകാരൻ മരിച്ചു. വെസ്റ്റ് പാട്യം നഗറിലെ മാർവാൻ ആണ് മരിച്ചത്. കുഞ്ഞിനെ കാണാത്തതിനെ തുടർന്ന് പരിശോധിച്ചപ്പോഴാണ് വെള്ളം നിറച്ച സെപ്റ്റിക് ടാങ്കിൽ മൃതദേഹം കണ്ടെത്തിയത്.

✪✪✪

ഒഡീഷയിൽ നിന്ന് ട്രെയിനിൽ കടത്തിക്കൊണ്ടുവന്ന 12 കിലോ കഞ്ചാവുമായി രണ്ട് യുവാക്കൾ കൊല്ലത്ത് പിടിയിലായി. ചാത്തന്നൂർ സ്വദേശി രാഹുൽ, തഴുത്തല സ്വദേശി സുഭാഷ് ചന്ദ്രൻ എന്നിവരാണ് പിടിയിലായത്.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാരംഗം കലാസാഹിത്യ വേദി കോഴിക്കോട് ജില്ലാതല സർഗോത്സവം എഴുത്തുകാരൻ VR സുധീഷ് ഉദ്ഘാടനം ചെയ്തു. കവി വീരാൻകുട്ടി മുഖ്യാതിഥിയായിരുന്നു. 500 ലേറെ വിദ്യാർത്ഥികൾ സർഗോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*